**മധുരമായ കുട്ടികളേ, കർമ്മമാണ് എല്ലാറ്റിന്റെയും ആധാരം, അതുകൊണ്ട് മായക്ക് വശപ്പെട്ട് ശിക്ഷകൾ അനുഭവിക്കേണ്ട വിധത്തിലുള്ള ഏതെങ്കിലും തെറ്റായ കർമ്മം ചെയ്യാതിരിക്കാൻ സദാ ശ്രദ്ധിക്കണം.**

**ചോദ്യം** : ബാബയുടെ ദൃഷ്ടിയിൽ ഏറ്റവും ബുദ്ധിശാലികളായിട്ടുള്ളവർ ആരാണ്?
**ഉത്തരം** : പവിത്രത ധാരണ ചെയ്തിട്ടുള്ളവർ തന്നെയാണ് ബുദ്ധിവാന്മാർ, അതുപോലെ പതീതരായിട്ടുള്ളവർ ബുദ്ധിഹീനരാണ്. ഏറ്റവും വലിയ ബുദ്ധിവാന്മാർ എന്ന് ലക്ഷ്മീ നാരായണനെ പറയാം. നിങ്ങൾ കുട്ടികൾ ഇപ്പോൾ ബുദ്ധിവാന്മാരായിക്കൊണ്ടിരിക്കുന്നു. പവിത്രതയാണ് ഏറ്റവും പ്രധാനമായിട്ടുള്ളത് അതുകൊണ്ട് ബാബ പറയുന്നു- കുട്ടികളേ, ഈ കണ്ണുകൾ ചതിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഈ പഴയ ലോകത്തെ കണ്ടിട്ടും കാണാതിരിക്കണം- പുതിയ ലോകമായ സ്വർഗ്ഗത്തെ ഓർമ്മിക്കണം

**ഓം ശാന്തി**. മധുരമധുരമായ കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടികൾക്കറിയാം, ഈ പഴയ ലോകത്തിൽ നാം അല്പസമയത്തേക്കുള്ള യാത്രികരാണ്. ഇനിയും നാൽപതിനായിരം വർഷം ഇവിടെ കഴിയണം എന്നാണ് മനുഷ്യർ വിചാരിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് ഉറപ്പുണ്ടല്ലോ അല്ലേ. ഈ കാര്യങ്ങൾ മറക്കരുത്. ഇവിടെ ഇരിക്കുമ്പോഴും നിങ്ങളുടെയുള്ളിൽ ഗദ്ഗദമുണ്ടാകണം. ഈ കണ്ണുകൾ കൊണ്ട് കാണുന്നതെല്ലാം നശിക്കുന്നതാണ്. ആത്മാവ് അവിനാശിയാണ്. നമ്മൾ ആത്മാക്കൾ 84 ജന്മം എടുത്തു. നമ്മളെ വീട്ടിലേക്ക് കൊണ്ട് പോകാൻ വേണ്ടി ബാബ വന്നിരിക്കുകയാണ്. പഴയ ലോകം പൂർത്തിയായി പുതിയ ലോകം സ്ഥാപിക്കേണ്ട സമയത്താണ് ബാബ വരുന്നത്. എങ്ങനെയാണ് പുതിയതിൽ നിന്ന് പഴയതും, പഴയതിൽ നിന്ന് പുതിയതുമാവുന്നത് എന്നത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. നമ്മൾ അനേകതവണ ഈ ചക്രം കറങ്ങി. ഇപ്പോൾ ഇത് പൂർത്തിയാവുകയാണ്. പുതിയ ലോകത്തിൽ നമ്മൾ കുറച്ച് ദേവതകളായിരിക്കും ഉണ്ടാവുക. മനുഷ്യർ ഉണ്ടായിരിക്കില്ല. എന്നാൽ സർവ്വതിന്റെയും ആധാരം കർമ്മങ്ങളാണ്. മനുഷ്യർ തെററായ കർമ്മം ചെയ്താൽ തീർച്ചയായും അത് കണക്കിൽ ശേഖരിക്കപ്പെടും,അതിനാൽ ബാബ ചോദിക്കുന്നു- ഈ ജന്മത്തിൽ അങ്ങനെയുള്ള പാപമൊന്നും ചെയ്തിട്ടില്ലല്ലോ? ഇത് പതീതവും മോശവുമായ രാവണന്റെ രാജ്യമാണ്. ഇത് അന്ധകാരം നിറഞ്ഞ ലോകമാണ്. ബാബ നിങ്ങൾ കുട്ടികൾക്ക് സമ്പത്ത് നൽകിക്കൊണ്ടിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ഭക്തി ചെയ്യുന്നില്ല. ഭക്തിയുടെ അന്ധകാരത്തിൽ പെട്ട് വളരെയധികം കഷ്ടതകൾ അനുഭവിച്ചു. ഇപ്പോൾ ബാബയുടെ കൈ ലഭിച്ചിരിക്കുകയാണ്. ബാബയുടെ ആശ്രയമില്ലാതെ നിങ്ങൾ വിഷയവൈതരണീ നദിയിൽ കഷ്ടപ്പെടുകയായിരുന്നു. അരകൽപം ഭക്തിയുടേതാണ്, ജ്ഞാനം ലഭിക്കുന്നതിലൂടെ നിങ്ങൾ സത്യയുഗമാകുന്ന പുതിയ ലോകത്തിലേക്ക് പോകുന്നു. ഇത് പുരുഷോത്തമ സംഗമയുഗമാണ്, ഇപ്പോൾ നിങ്ങൾ മുള്ളുകളിൽ നിന്നും പുഷ്പങ്ങളാകുകയാണ്. ഇങ്ങനെയാക്കി മാറ്റുന്നത് ആരാണ്?പരിധിയില്ലാത്ത അച്ഛൻ. ലൗകീക അച്ഛനെ പരിധിയില്ലാത്ത അച്ഛൻ എന്ന് പറയില്ല. നിങ്ങൾ ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും കർത്തവ്യങ്ങളെക്കുറിച്ച് മനസ്സിലാക്കി. നിങ്ങൾക്ക് എത്രമാത്രം ശുദ്ധമായ ലഹരിയുണ്ടായിരിക്കണം. മൂലവതനം,സൂക്ഷ്മവതനം,സ്ഥൂലവതം... ഇതെല്ലാം സംഗമത്തിൽ തന്നെയാണുള്ളത്. ഇത് പഴയ ലോകത്തിന്റെയും പുതിയ ലോകത്തിന്റെയും സംഗമയുഗമാണെന്ന് ബാബ മനസ്സിലാക്കിത്തരുന്നു. പതീതരെ പാവനമാക്കുവാൻ വരൂ.....എന്ന് വിളിച്ചിട്ടുണ്ട്. ഈ സംഗമയുഗത്തിൽ തന്നെയാണ് ബാബക്കും പാർട്ടുള്ളത്. സംവിധായകനും രചയിതാവുമല്ലേ ! അപ്പോൾ തീർച്ചയായും ബാബയ്ക്ക് എന്തെങ്കിലും കർത്തവ്യവും ഉണ്ടായിരിക്കും. ഭഗവാനെ മനുഷ്യൻ എന്ന് പറയില്ല എന്ന് സർവ്വർക്കും അറിയാം കാരണം ഭഗവാന് സ്വന്തമായി ശരീരമില്ല. ബാക്കി സർവ്വരേയും മനുഷ്യനെന്നോ, ദേവതയെന്നോ വിളിക്കുന്നു. ശിവബാബയെ മനുഷ്യനെന്നോ, ദേവതയെന്നോ പറയില്ല.ബാബ ഈ ശരീരം താത്ക്കാലികമായി ലോൺ എടുത്തിരിക്കുകയാണ്. ബാബ ഗർഭത്തിലൂടെയല്ല ജന്മമെടുത്തത്. ബാബ പറയുന്നു- കുട്ടികളേ, ശരീരമില്ലാതെ ഞാൻ എങ്ങനെ രാജയോഗം പഠിപ്പിക്കും, മനുഷ്യർ എന്നെക്കുറിച്ച് പറയുന്നത് കല്ലിലും മുള്ളിലും പരമാത്മാവുണ്ട് എന്നാണ്. എന്നാൽ ഞാൻ എങ്ങനെയാണ് വരുന്നത് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നിങ്ങൾ ഇപ്പോൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു മനുഷ്യനും പഠിപ്പിക്കാൻ സാധിക്കില്ല. ദേവതകൾക്ക് രാജയോഗം പഠിപ്പിക്കുവാൻ സാധിക്കില്ല. ഇവിടെ ഈ പുരുഷോത്തമ സംഗമയുഗത്തിൽ രാജയോഗം പഠിച്ച് ദേവതയാകണം.

നിങ്ങൾ കുട്ടികൾക്കിപ്പോൾ വളരെയധികം സന്തോഷമുണ്ടാകണം- നമ്മൾ ഇപ്പോൾ 84 ജന്മങ്ങളുടെ ചക്രം പൂർത്തിയാക്കി. ഓരോ കൽപത്തിലും ബാബ വരുന്നുണ്ട്, ബാബ പറയുന്നു, ഇത് വളരെ ജന്മങ്ങളുടെ

അന്തിമ ജന്മമാണ്. ശ്രീകൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനായിരുന്നു, ശ്രീകൃഷ്ണൻ 84 ജന്മം എടുത്തു. ശിവബാബ 84 ജന്മങ്ങളുടെ ചക്രത്തിൽ വരുന്നില്ല. ശ്രീകൃഷ്ണന്റെ ആത്മാവാണ് വെളുത്തതിൽ നിന്നും കറുത്തതായി മാറുന്നത്,ഈ കാര്യങ്ങൾ ആർക്കും അറിയില്ല. നിങ്ങളും നമ്പർവൈസ് ആയാണ് മനസ്സിലാക്കുന്നത്. മായ വളരെ കടുത്തതാണ്. ആരെയും വിടില്ല. ബാബക്ക് എല്ലാം അറിയാം. മായയാകുന്ന മുതല വിഴുങ്ങിക്കളയുന്നു. ബാബയ്ക്ക് ഇത് നന്നായി അറിയാം. ബാബ അന്തർയാമിയാണ് എന്ന് കരുതരുത്. ബാബക്ക് എല്ലാവരുടെയും കാര്യങ്ങൾ അറിയാം. വാർത്തകൾ വരുന്നുണ്ടല്ലോ. മായ പച്ചക്ക് തന്നെ വിഴുങ്ങുന്നു. ഇങ്ങനെയുള്ള ധാരാളം കാര്യങ്ങൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നില്ല. ബാബക്ക് എല്ലാമറിയാം. മനുഷ്യർ കരുതുന്നത് പരമാത്മാവ് അന്തർയാമിയാണ് എന്നാണ്. ബാബ പറയുന്നു– ഞാൻ അന്തർയാമിയൊന്നുമല്ല. ഓരോരുത്തരുടെയും പെരുമാറ്റത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുമല്ലോ. വളരെ മോശമായ പെരുമാറ്റമായത് കാരണമാണ് ബാബ വീണ്ടും വീണ്ടും ശ്രദ്ധിക്കുവാൻ പറയുന്നത്. മായയിൽ നിന്നും സുരക്ഷിതരായിരിക്കണം. കാമം മഹാശത്രുവാണ് എന്ന് ബാബയാണ് പറഞ്ഞുതരുന്നത്, എന്നിട്ടും ബുദ്ധിയിലിരിക്കുന്നില്ല, നമ്മൾ വികാരത്തിൽ വീണിരിക്കുകയാണ് എന്ന് പോലും മനസ്സിലാക്കുന്നില്ല, അതിനാൽ ബാബ പറയുന്നു എന്ത് തെറ്റ് സംഭവിച്ചാലും സത്യസന്ധമായി പറയൂ,മറച്ച് വെക്കരുത്. അല്ലായെങ്കിൽ പാപം നൂറ് മടങ്ങായിത്തീരും. അത് ഉള്ളിൽ വേദനിപ്പിച്ചുകൊണ്ടിരിക്കും. വൃദ്ധി പ്രാപിച്ച് ഒടുവിൽ വീണു പോകും. കുട്ടികൾ ബാബയോട് സത്യമായിരിക്കണം. ഇല്ലായെങ്കിൽ വളരെയധികം നഷ്ടമുണ്ടാകും. ഇത് രാവണന്റെ ലോകമാണ്. രാവണന്റെ ലോകത്തെ നമ്മൾ എന്തിനോർമ്മിക്കണം. നമുക്ക് പുതിയ ലോകത്തിലേക്കാണ് പോകേണ്ടത്. അച്ഛൻ പുതിയ കെട്ടിടവും മറ്റും നിർമ്മിക്കുമ്പോൾ, നമ്മുടെ പുതിയവീട് തയ്യാറായികൊണ്ടിരിക്കുകയാണെന്ന് കുട്ടികൾക്കറിയാം.. കുട്ടികൾക്ക് സന്തോഷം തോന്നും. ഇത് പരിധിയില്ലാത്ത കാര്യമാണ്. നമുക്ക് വേണ്ടി പുതിയ ലോകമായ സ്വർഗ്ഗം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. നമ്മൾ പുതിയ ലോകത്തിലേയ്ക്ക് പോകുന്നവരാണ്, പിന്നെ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും പുഷ്പങ്ങളായി മാറും. നമ്മൾ വികാരങ്ങൾക്ക് വശപ്പെട്ട് മുള്ളുകളായി മാറിയിരുന്നു. ഇവിടെ വരുന്നില്ല എന്നാൽ അവർ മായക്ക് വശപ്പെട്ടുപോയി എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ബാബയുടെ അടുത്ത് വരുന്നതേയില്ല. കുലദ്രോഹികളായി മാറുന്നു. പഴയ ശത്രുവിന്റെ അടുക്കലേക്ക് പോകുന്നു. ഇങ്ങനെയുള്ള ധാരാളം പേരെ മായ വിഴുങ്ങിക്കളയുന്നു. എത്ര പേരാണ് ഇല്ലാതാവുന്നത്. നമ്മൾ അത് ചെയ്യും ഇത് ചെയ്യും,യജ്ഞത്തിന് വേണ്ടി നമ്മൾ ജീവൻ പോലും നൽകും എന്നൊക്കെ പറഞ്ഞിരുന്ന ധാരാളം നല്ല നല്ല കുട്ടികൾ ഉണ്ടായിരുന്നു. ഇന്ന് അവരൊന്നുമില്ല. നിങ്ങളുടേത് മായയുമായിട്ടുള്ള യുദ്ധമാണ്. മായയോട് എങ്ങനെയാണ് യുദ്ധം ചെയ്യുന്നത് എന്ന് ലോകത്തിൽ ആർക്കും അറിയില്ല. ശാസ്ത്രങ്ങളിൽ ദേവതകളും അസുരന്മാരും തമ്മിൽ യുദ്ധം നടന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. പിന്നെ കൗരവരുടെയും പാണ്ഡവരുടെയും യുദ്ധം നടന്നതായും പറയുന്നുണ്ട്. ശാസ്ത്രങ്ങളിൽ എങ്ങനെയാണ് ഈ രണ്ട് കാര്യങ്ങൾ ഉണ്ടായത് എന്ന് ആരോടെങ്കിലും ചോദിക്കൂ. ദേവതകൾ അഹിംസകരാണ്. അവർ സത്യയുഗത്തിലാണുള്ളത്. അവർ ഈ കലിയുഗത്തിലേക്ക് യുദ്ധം ചെയ്യുവാൻ വരുമോ? കൗരവരും, പാണ്ഡവരും ആരാണ് എന്നതും അറിയുന്നില്ല. എന്താണോ ശാസ്ത്രങ്ങളിൽ എഴുതിയിരിക്കുന്നത് അത് വായിച്ച് കേൾപ്പിക്കുന്നു. ബാബ മുഴുവൻ ഗീതയും വായിച്ചിട്ടുണ്ട്. ജ്ഞാനം ലഭിച്ചപ്പോൾ ,ഗീതയിൽ എഴുതിയിരിക്കുന്ന യുദ്ധത്തിന്റെ കാര്യം എന്താണെന്ന് ചിന്തിക്കുവാൻ തുടങ്ങി. കൃഷ്ണൻ ഗീതയുടെ ഭഗവാനല്ല. ഇപ്പോൾ ബാബയിൽ നിന്നും എത്രമാത്രം പ്രകാശമാണ് ലഭിക്കുന്നത്. ആത്മാവിന് തന്നെയാണ് പ്രകാശമുള്ളത്, ബാബ പറയുന്നു, സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കൂ. ഭക്തിയിൽ നിങ്ങൾ ഓർമ്മിച്ചിരുന്നു, അങ്ങ് വരികയാണെങ്കിൽ അങ്ങയിൽ അർപ്പണമാകും എന്നും പറഞ്ഞിരുന്നു. എന്നാൽ എങ്ങനെയാണ് ഭഗവാൻ വരുന്നതെന്നോ, എങ്ങനെ അർപ്പണമാകുമെന്നോ മനസ്സിലാക്കിയിരുന്നില്ല.

പരമാത്മാവ് എങ്ങനെയാണോ അതുപോലെ തന്നെയാണ് നമ്മൾ ആത്മാക്കളും എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ബാബയുടേത് അലൗകീക ജന്മമാണ്, നിങ്ങൾ കുട്ടികളെ എത്ര നല്ല രീതിയിലാണ് പഠിപ്പിക്കുന്നത്. നിങ്ങൾ സ്വയം പറയുന്നുണ്ട് ഇത് അതേ ബാബ തന്നെയാണ്. കൽപകൽപം നമ്മുടെ അച്ഛനായത്. നമ്മൾ എല്ലാവരും ബാബാ... ബാബാ... എന്നാണ് വിളിക്കുന്നത്. ബാബയും കുട്ടികളേ... എന്ന് വിളിക്കുന്നു, ആ ബാബ തന്നെയാണ് ടീച്ചറിന്റെ രൂപത്തിൽ രാജയോഗം പഠിപ്പിക്കുന്നത്. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. അതിനാൽ ഈ അച്ഛന്റേതായിട്ട് അതേ ടീച്ചറിൽ നിന്നും ശിക്ഷണങ്ങളും നേടണം. കേൾക്കുമ്പോൾ ഗദ്ഗദമുണ്ടാകണം. അപവിത്രമായാൽ ആ സന്തോഷവും ഉണ്ടാകില്ല. എത്രതന്നെ തലയിട്ടടിച്ചാലും അവർ നമ്മുടെ കുലത്തിലെ സഹോദരരായിരിക്കില്ല.ഇവിടെയുള്ള മനുഷ്യർക്ക് എത്രമാത്രം കുടുംബപ്പേരുകളാണുള്ളത്. അതെല്ലാം പരിധിയുള്ള കാര്യങ്ങളാണ്. നോക്കൂ, നിങ്ങളുടെ കുടുംബപ്പേര് എത്ര വലുതാണ്. ഏറ്റവും വലുത് ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദർ ബ്രഹ്മാവാണ്. അദ്ദേഹത്തിനെ ആരും അറിയുന്നില്ല. ശിവബാബയെ സർവ്വവ്യാപിയെന്ന് പറയുന്നു. ബ്രഹ്മാവിനെയും ആർക്കും അറിയില്ല.

ബ്രഹ്മാവിന്റെയും, വിഷ്ണുവിന്റെയും, ശങ്കരന്റെയും ചിത്രങ്ങളുമുണ്ട്. ബ്രഹ്മാവിനെ സൂക്ഷ്മ ലോകത്തിലാണ് കാണിച്ചിരിക്കുന്നത്. ജീവചരിത്രമൊന്നും അറിയില്ല. സൂക്ഷ്മ വതനത്തിൽ ബ്രഹ്മാവ് എവിടെ നിന്നും വന്നു? അവിടെ എങ്ങനെ ദത്തെടുക്കും? ബാബ പറയുന്നു – ഇത് എന്റെ രഥമാണ്. ഇദ്ദേഹത്തിന്റെ വളരെ ജന്മങ്ങളുടെ അന്തിമത്തിലാണ് ഞാൻ പ്രവേശിക്കുന്നത്. ഈ പുരുഷോത്തമ സംഗമയുഗം ഗീതയുടെ അദ്ധ്യായമാണ്, ഇവിടെ മുഖ്യമായിട്ടുള്ളത് പവിത്രതയാണ്. എങ്ങനെയാണ് പതീതത്തിൽ നിന്നും പാവനമാകേണ്ടത് എന്ന് ആർക്കും അറിയില്ല. ദേഹ സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും മറന്ന് അച്ഛനായ എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ മായയുടെ പാപ കർമ്മങ്ങളെല്ലാം ഭസ്മമാകും എന്ന് ഒരു സന്യാസിമാർക്കും പറയുവാൻ സാധിക്കില്ല. അവർ ബാബയെപ്പോലും അറിയുന്നില്ല. ബാബ പറയുന്നു ഈ സന്യാസിമാരെയും ഞാൻ വന്നിട്ട് തന്നെയാണ് ഉദ്ധരിക്കുന്നത്.

ആരംഭം മുതൽ ഇപ്പോൾ വരെ ഏതെല്ലാം ആത്മാക്കൾ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നുവോ – സർവ്വരുടെയും ഇത് അന്തിമ ജന്മമാണ്. ബ്രഹ്മാവിന്റെയും അന്തിമ ജന്മമാണ്. ഇദ്ദേഹമാണ് വീണ്ടും ബ്രഹ്മാവാകുന്നത്. ആദ്യം മുതൽ അവസാനം വരെയുള്ള 84 ജന്മം ഇദ്ദേഹം പൂർത്തിയാക്കി. നിങ്ങൾ കുട്ടികളുടെ ബുദ്ധിയുടെ പൂട്ട് തുറന്നുകഴിഞ്ഞു. നിങ്ങൾ ഇപ്പോൾ ബുദ്ധിവാന്മാരാവുകയാണ്. മുൻപ് ബുദ്ധിഹീനരായിരുന്നു. ഈ ലക്ഷ്മീ നാരായണൻ ബുദ്ധിവാന്മാരാണ്. പതീതരെയാണ് ബുദ്ധിഹീനർ എന്ന് പറയുന്നത്. പവിത്രതയാണ് മുഖ്യമായിട്ടുള്ളത്. മായ നമ്മളെ വീഴ്ത്തിക്കളഞ്ഞു എന്ന് പറയുന്നുണ്ട്. ക്രിമിനൽ ദൃഷ്ടിയായി മാറി. ബാബ കുട്ടികളോട് വീണ്ടും വീണ്ടും ശ്രദ്ധയോടെയിരിക്കുവാൻ പറയുന്നു – കുട്ടികളേ, ഒരിക്കലും മായയോട് തോൽക്കരുത്. ഇപ്പോൾ വീട്ടിലേക്ക് പോകണം. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഈ പഴയ ലോകം നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ പവിത്രമാവുകയാണ് അപ്പോൾ നമുക്ക് പാവനമായ ലോകവും ആവശ്യമാണ്. നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് പതീതത്തിൽ നിന്നും പാവനമാകേണ്ടത്. ബാബ യോഗം ചെയ്യുന്നില്ല. യോഗം ചെയ്യാനായിട്ട് ബാബ പതീതമാകുന്നില്ല. ബാബ പറയുന്നു, ഞാൻ നിങ്ങളുടെ സേവനം ചെയ്യുവാനായി വന്നിരിക്കുകയാണ്. പതീതരായ നമ്മളെ പാവനമാക്കുവാൻ വരൂ എന്ന് പറഞ്ഞ് നിങ്ങൾ തന്നെയാണ് വിളിച്ചത്. നിങ്ങൾ വിളിച്ചത് കൊണ്ടാണ് ഞാൻ വന്നത്. മന്മനാഭവയായിരിക്കൂ എന്ന സഹജമായ വഴി നിങ്ങൾക്ക് പറഞ്ഞ് തരുന്നു. ഭഗവാനല്ലേ പറയുന്നത്. കൃഷ്ണന്റെ പേര് കാണിച്ചതിലൂടെ ബാബയെ മറന്നു. ബാബയാണ് ഫസ്റ്റ്, കൃഷ്ണൻ സെക്കന്റും. ബാബ പരംധാമത്തിന്റെ അധികാരിയും കൃഷ്ണൻ സ്വർഗ്ഗത്തിന്റെ അധികാരിയുമാണ്. സൂക്ഷ്മവതനത്തിൽ മറ്റൊന്നുമില്ല. സർവ്വരിലും വച്ച് നമ്പർവൺ കൃഷ്ണനാണ്, കൃഷ്ണനെ സർവ്വരും സ്നേഹിക്കുന്നു. മറ്റുള്ളവരെല്ലാം പിന്നീടാണ് വരുന്നത്. എല്ലാവർക്കും സ്വർഗ്ഗത്തിൽ എത്തിച്ചേരുവാൻ പോലും സാധിക്കില്ല.

നിങ്ങൾ കുട്ടികൾക്ക് അളവറ്റ സന്തോഷം തോന്നണം. ബാബയുടെ അടുത്ത് വരുന്ന ചില കുട്ടികൾക്ക് ഒരിക്കലും പവിത്രമായിരിക്കുവാൻ സാധിക്കുന്നില്ല. വികാരത്തിലേക്ക് ് പോകുന്നുവെങ്കിൽ പിന്നെ എന്തിനാണ് ബാബയുടെ അടുത്ത് വരുന്നത്? എന്തു ചെയ്യാനാണ്, ഞങ്ങളെക്കൊണ്ട് സാധിക്കുന്നില്ല. എപ്പോഴെങ്കിലും ഈ അസ്ത്രം തറക്കും എന്ന് കരുതിയാണ് വരുന്നത്. ബാബയ്ക്കല്ലാതെ മറ്റാർക്കാണ് നമ്മുടെ സത്ഗതി ചെയ്യുവാൻ സാധിക്കുക, അതുകൊണ്ടാണ് വരുന്നത്. മായ എത്ര ശക്തിശാലിയാണ്. ബാബ നമ്മളെ പതീതത്തിൽ നിന്നും പാവനമാകുകയാണ് എന്ന നിശ്ചയവുമുണ്ട്, പക്ഷേ എന്തു ചെയ്യാനാണ്. എന്നാലും സത്യം പറയുന്നത് കാരണം എപ്പോഴെങ്കിലും പരിവർത്തനപ്പെടും. അങ്ങയിലൂടെ തന്നെയാണ് നമുക്ക് പരിവർത്തനപ്പെടേണ്ടത് എന്ന നിശ്ചയം നമുക്കുണ്ട്. ഇങ്ങനെയുള്ള കുട്ടികളോട് ബാബക്കും ദയ തോന്നുന്നു, വീണ്ടും ഇങ്ങനെ തന്നെ സംഭവിക്കും. നത്തിങ് ന്യൂ.... ദിവസവും ബാബ ശ്രീമതം നൽകുന്നുണ്ട്. ചിലർ അത് അനുസരിക്കുന്നു,ഇതിൽ ബാബക്ക് എന്ത് ചെയ്യുവാൻ കഴിയും. ഇവരുടെ പാർട്ട് ഇങ്ങനെയുള്ളതായിരിക്കാം എന്ന് ബാബ പറയുന്നു. എല്ലാവരും രാജാവും റാണിയുമാവുന്നില്ല. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. രാജധാനിയിൽ എല്ലാവരും ആവശ്യമാണ്. എന്നാലും ബാബ പറയുന്നു, കുട്ടികളേ ധൈര്യം വിടരുത്. മുന്നോട്ട് പോകുവാൻ സാധിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം -**

1) ബാബയോട് സദാ സത്യമായിരിക്കണം. ഇപ്പോൾ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ അത് ഒളിപ്പിക്കരുത്. ക്രിമിനൽ ദൃഷ്ടിയാകാതിരിക്കുവാൻ ശ്രദ്ധിക്കണം.

2)പരിധിയില്ലാത്ത ബാബ നമ്മളെ പതീതരിൽ നിന്നും സുന്ദരവും, മുള്ളുകളിൽ നിന്നും പുഷ്പങ്ങളുമാക്കിക്കൊണ്ടിരിക്കുകയാണ് എന്ന ശുദ്ധമായ ലഹരിയുണ്ടായിരിക്കണം. ഇപ്പോൾ നമുക്ക് ബാബയുടെ കൈ ലഭിച്ചിരിക്കുകയാണ്, ബാബയുടെ സഹായത്താൽ നമ്മൾ ഈ വിഷയ വൈതരണീ നദി മറുകര കടക്കും.

## വരദാനം-ശക്തിശാലിയായ ബ്രേക്കിലൂടെ സെക്കന്റിൽ നെഗറ്റീവിനെ പോസിറ്റീവിലേക്ക് പരിവർത്തനം ചെയ്യുന്ന സ്വപരിവർത്തകരായി ഭവിക്കട്ടെ.

നെഗറ്റീവും,വ്യർത്ഥവുമായ സങ്കൽപങ്ങളുടെ വേഗത വളരെ ഫാസ്റ്റ് ആയിരിക്കും.ഫാസ്റ്റിൽ വരുന്ന സങ്കൽപങ്ങളെ പവർഫുൾ ആയ ബ്രേക്കിട്ട് പരിവർത്തനം ചെയ്യാനുള്ള അഭ്യാസം കൊണ്ടുവരണം.പർവതങ്ങളിലേക്ക് പോകുമ്പോൾ ആദ്യം ബ്രേക്കാണ് ചെക്ക് ചെയ്യുക.ഉയർന്നസ്ഥിതി ഉണ്ടാക്കുന്നതിനായി സങ്കൽപങ്ങളെ സെക്കന്റിൽ ബ്രേക്കിടാനുള്ള അഭ്യാസത്തെ താങ്കൾ ഇപ്പോൾ വർദ്ധിപ്പിക്കണം .തന്റെ സങ്കൽപങ്ങളെയും,സംസ്ക്കാരങ്ങളെയും ഒരു സെക്കന്റിൽ നെഗറ്റീവിൽ നിന്നും പോസിറ്റീവിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ സ്വപരിവർത്തനത്തിലൂടെ വിശ്വപരിവർത്തനമെന്ന കാര്യം സഫലമാകും.

## സ്ലോഗൻ:- ശ്രേഷ്ഠമായ പരിവർത്തനശക്തിയെ സ്വയത്തിനുവേണ്ടിയും,സർവ്വാത്മാക്കൾക്കുവേണ്ടിയും കാര്യങ്ങളിലുപയോഗിക്കുന്നവർ തന്നെയാണ് സത്യമായ കർമ്മയോഗികൾ.